"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഉദയംപേരൂർ ഗ്രാമ പഞ്ചായത്തിലെ പ്രസിഡന്റ് ശ്രീമതി.സജിത മുരളിയിൽ നിന്നും പിഴ ഒഴിവാക്കി ഉത്തരവ്- പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.434/2025/LSGD തീയതി,തിരുവനന്തപുരം, 11-02-2025

---

പരാമർശം:- 1. 20.06.2023-ലെ ബഹു.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ സെക്രട്ടറിയുടെ എ4/ഒ.പി.142/2023/ഒബിഡിഎൻ നമ്പർ കത്ത്.

2 10.11.2023-ലെ ഇ എം 2 /101/2023/ ത സ്വ ഭ വ നമ്പർ കത്ത്

3 ശ്രീമതി സജിത മുരളി സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത വിശദീകരണ കുറിപ്പ്.

**<u>ഉത്തരവ്</u>**

ഉദയംപേരൂർ ഗ്രാമ പഞ്ചായത്തിലെ നടക്കാവ്- മുളന്തുരുത്തി റോഡിൽ മാലിന്യം നീക്കം ചെയ്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതു സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയിൽ വന്ന തീരുമാനപ്രകാരം ഭരണ സമിതിയിലെ ഒരംഗം യാതൊരു നടപടിക്രമങ്ങളും പാലിക്കാതെ ചട്ടങ്ങളും നിയമങ്ങളും മറികടന്നു ഒരു ജെ.സി.ബിയും ഉപയോഗിച്ച് പച്ചയും, പുല്ലും മറ്റും നീക്കം ചെയ്തതിന് ശേഷം 99,000/- രൂപയുടെ ബില്ല് സെക്രട്ടറിയ്ക്ക് സമർപ്പിക്കുകയും സെക്രട്ടറി അത് നിരസിക്കുകയും ചെയ്തതിന്റെ പേരിൽ പഞ്ചായത്ത് പ്രസിഡന്റ് 28.01.2022-ന് പഞ്ചായത്ത് സെക്രട്ടറിയുടെ ക്യാബിനിൽ കുത്തിയിരുന്ന് പ്രതിഷേധിക്കുകയും അതിനുശേഷം ഓഫീസിൽ വന്നപ്പോൾ സെക്രട്ടറിയെ തടഞ്ഞു വെയ്ക്കുകയും, ആ ദിവസം ജീവനക്കാർ കൂട്ടമായി പ്രവൃത്തി ദിവസം പഞ്ചായത്ത് ഓഫീസ് അടച്ചിട്ട് ജോയിന്റ് ഡയറക്ടറുടെ സഹായത്തിനായി അവിടം പോകേണ്ട സാഹചര്യവും ഉണ്ടായത് സംബന്ധിച്ച പരാതിയിൽ, പരാമർശം-1 പ്രകാരം ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിൽ നിന്നും - 1000 രൂപ വരെ ആകാവുന്ന തുക പിഴ ചുമത്തുവാൻ ശുപാർശ ചെയ്തിരുന്നു. തുടർന്ന് 2007 ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുക്കപ്പെട്ട

അധികാരികളും ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും) ചട്ടങ്ങൾ 9(6) അനുസരിച്ച്, ഓംബുഡ്സ്മാൻ ശിപാർശ ചെയ്ത പ്രകാരം, പിഴ ചുമത്താതിരിക്കുവാൻ കാരണമെന്തെങ്കിലും ഉണ്ടെങ്കിൽ അത് 15 ദിവസത്തിനുള്ളിൽ ബോധിപ്പിക്കുവാൻ ഒന്നാം എതിർകക്ഷി ശ്രീമതി. സജിത മുരളിയോട് പരാമർശം - 2 പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം - 3 പ്രകാരം വിശദീകരണ കുറിപ്പ് സമർപ്പിക്കുകയുണ്ടായി.

2. മാലിന്യ നിർമ്മാർജ്ജനത്തിന് കോൺട്രാക്ടറെ കണ്ടെത്തി വർക്ക് നടത്തുന്നതിന് പണം അലോട്ട് ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയതും ആയതനുസരിച്ച് കോൺട്രാക്ടർ പണി പൂർത്തിയാക്കിയതിനുശേഷം Bill മാറുന്നതിന് കാലതാമസം നേരിട്ടപ്പോൾ ആയത് സെക്രട്ടറിയോട് ചോദിച്ചപ്പോൾ മോശമായി പെരുമാറിയതിന് പ്രസിഡന്റ് എന്ന നിലക്ക് ടിയാളും മറ്റു വനിതാ മെമ്പർമാരും സെക്രട്ടറിയുടെ നടപടിയിൽ പ്രധിഷേധിച്ചിട്ടുള്ളതും ആണ്. എന്നാൽ പ്രതിപക്ഷ മെമ്പർമാരായ ശ്രീ. എം. പി ഷൈമോൻ മേൽ വിഷയങ്ങൾ ബഹു. ഓം ബുഡ്സ്മാൻ മുമ്പാകെ പെരുപ്പിച്ചു കാണിച്ചിട്ടുള്ളതാണ്. എന്നാൽ പ്രതിപക്ഷ മെമ്പർമാരുടെ കൂടെ കൂടി വർക്ക് ചെയ്ത കോൺട്രാക്ടർക്ക് നൽകാനുള്ള തുക നൽകാതെ നിഷേധാത്മക നിലപാട് എടുത്തതിൽ പ്രതിഷേധം അറിയിക്കുക മാത്രമാണ് ചെയ്തത്. മേൽ പ്രവർത്തി പഞ്ചായത്ത് മെമ്പർമാരും സെക്രട്ടറിയും തമ്മിലുള്ള സുഗമമായ ഒരു പ്രവർത്തനത്തിന് തടസ്സം ഉണ്ടായിട്ടുള്ളതാണ്. ഒരിക്കലും ടിയാളോ മറ്റു മെമ്പർമാരോ സെക്രട്ടറിയെ ശാരീരികമായി തടഞ്ഞിട്ടില്ലാത്തതും പഞ്ചായത്തിലെ CCTV പരിശോധിച്ചാൽ ആയത് മനസ്സിലാക്കാവുന്നതുമാണ്. തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണാധികാരി എന്ന നിലയിൽ ടിയാരിയുടെ ഭാഗത്തു നിന്നും യാതൊരുവിധ അനധികൃത ഇടപെടലും ടി സെക്രട്ടറിക്കെതിരെ നടത്തിയിട്ടില്ലാത്തതുമാണ്.

ആയതിനാൽ ടിയാൾക്കെതിരെയുള്ള തുടർ നടപടികൾ അവസാനിപ്പിക്കണമെന്ന് പരാമർശം - 3 പ്രകാരം സമർപ്പിച്ച വിശദീകരണ കുറിപ്പിൽ അപേക്ഷിക്കുകയുണ്ടായി

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. സജിത മുരളി സമർപ്പിച്ച പരാമർശം - 3 പ്രകാരമുള്ള വിശദീകരണ കുറിപ്പ് അംഗീകരിച്ച്, ടിയാളിൽ നിന്ന് 1000 രൂപ വരെ ആകാവുന്ന പിഴ ഒഴിവാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ ,തിരുവനന്തപുരം.

ശ്രീമതി.സജിത മുരളി, പ്രസിഡന്റ് ഉദയംപേരൂർ ഗ്രാമ പഞ്ചായത്ത്, എറണാകുളം.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/101/2023-LSGD].

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Bijukumar T
Date: 13-02-2025 13:06:39

പകർപ്പ്- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി. എസ്. ന്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്.